പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1852 26-10-2026-ൽ മറുപടിയ്ക്ക്

മംഗളൂരു മേഖല പാലക്കാട് റെയിൽവേ ഡിവിഷനിൽ നിന്നും മാറ്റുന്ന നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) ദക്ഷിണ റെയിൽവേയുടെ പാലക്കാട് ഡിവിഷന് കീഴിലുള്ള മംഗളൂരു മേഖലയെ (മംഗളൂരു സെൻട്രൽ,മംഗളൂരു ജംഗ്ഷൻ,പണമ്പൂർ പോർട്ട് പരിധികൾ ഉൾപ്പെടെ) സൗത്ത് വെസ്റ്റേൺ റെയിൽവേയുടെ മൈസൂരു ഡിവിഷനിലേക്ക് മാറ്റാൻ റെയിൽവേ ബോർഡ് തീരുമാനിച്ച കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് മംഗളൂരു ഉൾപ്പെടെയുള്ള മൈസൂർ ഡിവിഷന്റെ ഭാഗമാക്കിയത് കേന്ദ്ര റെയിൽവേ ബോർഡിന്റെ നയപരമായ തീരുമാനങ്ങളുടെ ഭാഗമായാണ്. അപ്രതീക്ഷിതമായി ഉണ്ടായ ഈ തീരുമാനത്തിന്റെ പരിണിതഫലങ്ങൾ സംസ്ഥാന സർക്കാർ വിലയിരുത്തി വരുന്നു.

പ്രധാന ചരക്കുനീക്ക കേന്ദ്രങ്ങളും ടെർമിനലുകളും (പ്രത്യേകിച്ച് മംഗളൂരു മേഖല പോലുള്ളവ) നഷ്ടമായാൽ പാലക്കാട് ഡിവിഷന്റെ ഔദ്യോഗിക വരുമാനം കുറയുന്നതിന് കാരണമായേക്കാം. ഇത് ഡിവിഷനുള്ള കേന്ദ്ര ബജറ്റ് വിഹിതം കുറയുന്നതിലേക്ക് നയിക്കുവാൻ സാധ്യത ഉണ്ട്. വരുമാന നഷ്ടം മൂലം നിർണായക പദ്ധതികൾ നഷ്ടപ്പെടാനും, ദീർഘദൂര സർവീസുകൾ അനുവദിക്കുന്നതിലെ മുൻഗണന ഇല്ലാതാക്കാനും സാധ്യത ഉണ്ട്.

പാലക്കാട് ഡിവിഷന്റെ ചരിത്രപ്രാധാന്യവും, വിഭജനം മൂലം ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളും ചൂണ്ടിക്കാട്ടിക്കൊണ്ടും, പാലക്കാട് ഡിവിഷന്റെ നിലവിലെ അതിർത്തികളും പ്രധാന ലൈനുകളും സ്റ്റേഷനുകളും മാറ്റമില്ലാതെ അതേപടി നിലനിർത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ടും ബഹു.പ്രധാനമന്ത്രിക്ക് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്

(ബി) മലബാർ മേഖലയ്ക്കും കേരള സംസ്ഥാനത്തിനും വലിയ തിരിച്ചടിയാകുന്നതും ടെയിൻ സർവീസുകൾ,പിറ്റ്ലൈൻ അറ്റകുറ്റപ്പണികൾ,വരുമാനം എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതുമായ ഈ തീരുമാനത്തിനെതിരെ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്;വിശദാംശം ലഭ്യമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) ഈ തീരുമാനം പിൻവലിച്ച് മംഗളൂരു മേഖലയെ പാലക്കാട് ഡിവിഷന്റെ ഭാഗമായിത്തന്നെ നിലനിർത്തുന്നതിനായി കേന്ദ്ര റെയിൽവേ മന്ത്രാലയവുമായും റെയിൽവേ ബോർഡുമായും സംസ്ഥാന

സർക്കാർ ബന്ധപ്പെട്ടിട്ടുണ്ടോ;എങ്കിൽ അതിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ